പരിപാലനം ചെയ്യാനുമുള്ള സാങ്കേതിക സഹകരണവും നൽകുന്നുണ്ട്. കൂടുതലായി വേണ്ട ഉപകരണങ്ങൾ ഐ. എസ്. ആർ. ഒ.യിൽ നിന്നും വില നൽകി വാങ്ങുന്നതാണ്.

(ഡി) ആലോചനയിലുണ്ട്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

പേരാമ്പ്ര സി. കെ. ജി. എം. കോളേജിൽ പുതിയ കോഴ്സുകൾ

92 [3075] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി. കെ. ജി. എം. ഗവ. കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കോഴ്സുകൾക്ക് അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെല്ലാം കോഴ്സുകളാണ് പുതിയതായി അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പേരാമ്പ്ര ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന് അപേക്ഷിച്ച് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ശുപാർശ ലഭിച്ചിട്ടില്ല.

(ബി) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ തീരുമാനമായിട്ടില്ല.

സ്വാശ്രയ മേഖലയിലെ കോളേജുകൾ

93 [3076] *ശ്രീ. പി ജയരാജൻ:*
,, *വി. ചെന്താമരാക്ഷൻ:*
,, *പി. സി. ജോർജ്:*
,, *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ പുതിയ എത്ര കോളേജുകൾക്കാണ് ഈ വർഷം അനുമതി നൽകിയിട്ടുള്ളത്; ഏതെല്ലാം;

(ബി) നിലവിലുള്ള കോളേജുകളിൽ പുതിയ സ്വാശ്രയ കോഴ്സുകൾ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിലാണ് അനുമതി നൽകിയിട്ടുള്ളത്; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ് കോളേജുകളിലോ എയ്ഡഡ് കോളേജുകളിലോ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കൊല്ലം അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ പുതുതായി അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ അദ്ധ്യയനവർഷം സ്വാശ്രയ മേഖലയിൽ 20 പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) നിലവിലുള്ള സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഈ വർഷം പുതുതായി അനുവദിച്ച കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(സി) ഉണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്തെ ഡീംഡ് യൂണിവേഴ്സിറ്റികളും ഓട്ടോണമസ് കോളേജുകളും

94 [3077] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
,, *ജോർജ് ജെ. മാത്യു:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ:
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോളേജുകൾക്ക് ഡീംഡ് യൂണിവേഴ്സിറ്റി പദവി കിട്ടിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഓട്ടോണമസ് പദവി ലഭിച്ചിട്ടുള്ള കോളേജുകൾ ഉണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തുള്ള ഏതെല്ലാം കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകുവാൻ യു.ജി.സി. ഷോർട്ട് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly